വൈദ്യുതി ബോർഡിന്റെ നഷ്ടം

7 (895) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി എത്ര ; യൂണിറ്റിന് എന്ത് വിലയ്ക്ക് ;

(ബി) വൈദ്യുതി വിതരണത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ദിവസത്തെ ശരാശരി നഷ്ടം എത്ര ?

ഉത്തരം

(എ) ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് പുറത്തുനിന്നും വാങ്ങിയ വൈദ്യുതി 569.9 എം. യു. ആണ്. ഇതിന്റെ ശരാശരി വില 1.82 രൂപയാണ്.

(ബി) 2002-2003-ലെ ശരാശരി വൈദ്യുതി ഉപഭോഗം, വൈദ്യുതിയുടെ ശരാശരി ഉൽപ്പാദനച്ചെലവ്, വാങ്ങുന്നതിന്റെ വില, ഈടാക്കുന്ന നിരക്ക് ഇവയുടെ വെളിച്ചത്തിൽ ശരാശരി പ്രതിദിന നഷ്ടം 2.95 കോടി രൂപയാണ്.

വൈദ്യുതി ബോർഡിന്റെ നഷ്ടത്തിന് കാരണം

8 (896) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ ഇപ്പോഴത്തെ നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നഷ്ടത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രസരണത്തിൽ ഉള്ള നഷ്ടം എത്ര ശതമാനമാണെന്നും വൈദ്യുതി മോഷണംമൂലം ഉണ്ടാകുന്ന നഷ്ടം എത്ര ശതമാനമാണെന്നും ഇവ ഓരോന്നുംമൂലം ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നഷ്ടങ്ങൾ പരിഹരിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2002-2003-ലെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് (സർക്കാരിൽ നിന്നും ലഭിക്കേണ്ട സബ്സിഡി ഉൾപ്പെടുത്താതെ) പ്രസ്തുത വർഷം 1104 കോടി രൂപയാണ് ബോർഡിന്റെ നഷ്ടമായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly